LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് റോഡ്സ് വിഭാഗത്തിന്റെ കീഴിൽ ഇരമല്ലിക്കര പാലം, മിത്രമഠം പാലം എന്നിവയും കെ.എസ്.ടി.പി.-യുടെ കീഴിൽ പുത്തൻവീട്ടിൽപടി പാലം, കല്ലിശ്ശേരി പാലം, വരട്ടാർ പാലം എന്നിവയുടെയും നിർമ്മാണം നടന്നുവരുന്നു.

(1) ഇരമല്ലിക്കര പാലം - 3 സ്പാനുകളിൽ 2 എണ്ണം പൂർത്തീകരിച്ചു. 3-ാമത്തെ സ്പാനിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

(2) മിത്രമഠം പാലം - 6 ബീമുകൾ പൂർത്തീകരിച്ചു. ഒരു സ്പാനിലെ ഡെക്ക് സ്ലാബിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്.

(3) പുത്തൻവീട്ടിൽപടി പാലം - പൈലിംഗ് ജോലി, പൈൽ ക്യാപ്, അബട്ട്മെന്റ് വാൾ, ഡെക്ക് സ്ലാബ് കോൺക്രീറ്റ് എന്നിവ പൂർത്തിയായി.

(4) കല്ലിശ്ശേരി പാലം - 40 പൈലുകളിൽ 32 എണ്ണം പൂർത്തിയാക്കി. ബാക്കി പൈലുകളുടെ പ്രവൃത്തി പുരോഗമിക്കുന്നു.

(5) വരട്ടാർ പാലം - 25 പൈലുകളിൽ 15 എണ്ണത്തിന്റെ കാസ്റ്റിംഗ് പൂർത്തിയായി. മറ്റുള്ളതിന്റെ കാസ്റ്റിംഗ് പുരോഗമിച്ചുവരുന്നു.

(ബി) ഇരമല്ലിക്കര പാലത്തിന്റേയും മിത്രമഠം പാലത്തിന്റേയും നിർമ്മാണത്തിൽ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രണ്ട് പാലങ്ങളുടെയും കരാറുകാരൻ ഒരാൾ തന്നെയാണ്. മിത്രമഠം പാലത്തിന്റെ പൂർത്തീകരിച്ച പണിയുടെ ബിൽ ഇ-ഡിസ്ട്രൗണ്ട് സിസ്റ്റത്തിലൂടെ മാറിക്കിട്ടിയാലുടൻ പണി തുടരുന്നതാണെന്ന് കരാറുകാരൻ അറിയിച്ചിട്ടുണ്ട്.

(സി) ഇരമല്ലിക്കര പാലത്തിന്റേയും മിത്രമഠം പാലത്തിന്റേയും നിർമ്മാണം 2015 ഡിസംബറോടുകൂടി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പുത്തൻവീട്ടിൽപടി പാലം 2015 ആഗസ്റ്റിലും വരട്ടാർ പാലം 2016 ജൂണിലും കല്ലിശ്ശേരി പാലം 2017 മാർച്ചിലും നിർമ്മാണം പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് പ്രവൃത്തികൾ

276 (4027) ശ്രീ. പി. സി. .വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച് നടപ്പിലാക്കിവരുന്ന

പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ ഏതൊക്കെയെന്ന് ഉത്തരവുകൾ സഹിതം വിശദമാക്കുമോ ;

(ബി) ടി പ്രവൃത്തികളിൽ പൂർത്തിയായവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) ഇനിയും പൂർത്തിയാക്കുവാനുള്ളത് ഏതൊക്കെയെന്നും ആരംഭിക്കുവാനുള്ളത് ഏതൊക്കെയെന്നും വ്യക്തമാക്കുമോ ;

(ഡി) ടി പ്രവൃത്തികൾ ആരംഭിക്കുവാനുള്ള കാലതാമസം എന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* പ്രസ്തുത പ്രവൃത്തികൾക്കുള്ള ഭരണാനുമതി വിദ്യാഭ്യാസ വകുപ്പാണ് പുറപ്പെടുവിച്ചിട്ടുള്ളത്.

(ബി) പ്രവൃത്തികളൊന്നും പൂർത്തീകരിച്ചിട്ടില്ല.

(സി) ചെങ്ങന്നൂർ മുളക്കുഴ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം, പുലിയൂർ ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം എന്നീ പ്രവൃത്തികൾ ആരംഭിക്കാനുണ്ട്.

(ഡി) ചെങ്ങന്നൂർ മുളക്കുഴ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തി കരാറുകാരൻ എഗ്രിമെന്റ് വച്ചെങ്കിലും നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത എഗ്രിമെന്റ് കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റിൽ നിന്നും ഒഴിവാക്കി അവസാനിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുലിയൂർ ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ നിർമ്മാണ പ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ട്.

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ പ്രകൃതിക്ഷോഭ ദുരന്ത നിവാരണ ഫണ്ടിന്റെ വിനിയോഗം

277 (4028) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ പ്രകൃതിക്ഷോഭ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് അറ്റകുറ്റപ്രവൃത്തികൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly